**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3649** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള പുതിയ സിലബസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള പുതിയ സിലബസ് പ്രകാരം പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പരീക്ഷാ രീതി സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; പുതിയ സിലബസ് പ്രകാരം മോഡൽ ചോദ്യപേപ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തുന്നതിന് 21.05.2024 ലെ ജെ1/262/2022/ഉ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം എൽ.ബി.എസ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 19.06.2024 തീയതിയിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഇത് സംബന്ധിച്ച് എൽ.ബി.എസ് സെന്ററിന് കത്ത് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പരീക്ഷയുടെ പുതിയ സിലബസ് പ്രകാരം എൽ.ബി.എസ്. മുഖേന പരീക്ഷ നടത്തുന്നതിനുള്ള തുടർ നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിക്കണമെന്ന നിർദ്ദേശത്തിന്മേൽ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തുന്നതിന് 21.05.2024 ലെ ജെ1/262/2022/ഉ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം എൽ.ബി.എസ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 19.06.2024 തീയതിയിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഇത് സംബന്ധിച്ച് എൽ.ബി.എസ് സെന്ററിന് കത്ത് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പുതിയ സിലബസ് നടപ്പിലാക്കുന്നതിന് മുന്നേ പുതിയ സിലബസ് പ്രകാരമുള്ള പരീക്ഷ സംബന്ധിച്ച് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ, ഇപ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് 6 മാസത്തെ കോഴ്സ് കാലാവധി സമയം പുതിയ സിലബസ് നടപ്പിലാക്കുന്നതിന് അനുവദിക്കുമോ, വ്യക്തമാക്കാമോ; | (സി) | പരീക്ഷ സംബന്ധിച്ച വ്യക്തമായ മാർഗനിർദേശം എല്ലാ സ്ഥാപനങ്ങൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് കോഴ്സിന്റെ കാലാവധി ആറ് മാസത്തിൽ കൂടുതൽ നീട്ടിക്കൊണ്ടുപോകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സാധിക്കാത്തതിനാൽ വർഷത്തിൽ രണ്ട് പരീക്ഷ | (ഡി) | എൽ.ബി.എസ് സെന്റർ മുഖേന വർഷത്തിൽ 2 തവണ പരീക്ഷ നടത്തുന്നത് പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | | |
| (ഇ) | എൽ.ബി.സ്. ഡയറക്ടറുടെ 23.11.2023-ലെ ബി4/1219/2023 കത്തിൽ പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തിപ്പിന് പരീക്ഷാ ഫീസ് ഉയർത്തണമെന്ന നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ; നിലവിലുള്ള ഫീസ് നിരക്കിൽ വർദ്ധനവ് വരുത്തുന്നതുമൂലം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സാരമായി ബാധിക്കുമെന്നതിനാൽ ഫീസ് വർദ്ധനവിൽ നിന്ന് പിന്മാറുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | കെ.ജി.ടി.ഇ പരീക്ഷയുടെ ഫീസ് 2018-2019 കാലയളവിൽ നിശ്ചയിച്ചതു തന്നെയാണ് തുടരുന്നത്. ഫീസ് ഉയർത്തുന്നതിന് എൽ.ബി.എസ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഫീസ് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ